അവിടെ ബി.ആർ.ഡി.സി. മുൻകയ്യെടുത്തുകൊണ്ട് ഒരു ഡാം നിർമ്മിച്ചു. ആ ഡാമിനോട് അനുബന്ധിച്ച് ടൂറിസം വികസനത്തിന് ആവശ്യമായ എല്ലാ സാദ്ധ്യതകളുമുണ്ട്. ആ സാദ്ധ്യത ഉപയോഗപ്പെടുത്താൻ ഒരു പദ്ധതി തയ്യാറാക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, അത് പരിശോധിക്കാം.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, തിരയും തീരവും ചുംബിച്ചുറങ്ങുന്ന നമ്മുടെ കടലോരങ്ങൾ അതീവ സുന്ദരങ്ങളാണ്. കഴിഞ്ഞ ഡിസംബറിൽ നാട്ടിക ബീച്ചിലും ആലപ്പുഴ ബീച്ചിലും അതിമനോഹരമായ ബീച്ച് ഫെസ്റ്റിവൽ നടത്തിയിരുന്നു. കേരളത്തിന് അകത്തും പുറത്തുമുള്ള നിരവധി ടൂറിസ്റ്റുകളെ ആകർഷിച്ച നാട്ടിക ബീച്ച് ഫെസ്റ്റിവൽ അടുത്ത ഡിസംബറിൽ നടത്തുന്നതിന് ആവശ്യമായ സഹായം നല്കി ഡി.ടി.പി.സി.-യുടെകൂടി മേൽനോട്ടത്തിൽ നടത്തുവാൻ ടൂറിസം ഡിപ്പാർട്ടുമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പ്രത്യേകം താല്പര്യമെടുത്തു നടത്തിയ നാട്ടിക ബീച്ച് ഫെസ്റ്റിവൽ വളരെ ഭംഗിയായിരുന്നു. വീണ്ടും അത് നടത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം നമ്പർ *2 [402].

ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കാൻ നടപടി

*2 [402] ശ്രീ. എ. സുജനപാൽ :
,, കെ. ബാബു :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. മുരളി :
,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെയ്യുന്ന മഴവെള്ളം ഭൂമിയിൽ താഴ്ത്തി ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പരിപാടികളുണ്ട്;

(ബി) ഇക്കാര്യം സംബന്ധിച്ച് ജനങ്ങളിൽ അവബോധം വളർത്തുവാൻ എന്തെല്ലാം നടപടികളെടുത്തു എന്നറിയിക്കാമോ;

(സി) ഗവൺമെന്റ് വക ഭൂമിയിൽ വീഴുന്ന മഴവെള്ളം ഭൂമിയിലേക്ക് താഴുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ,

(എ) സംസ്ഥാനത്തു പെയ്യുന്ന മഴവെള്ളം ഭൂമിയിൽ താഴ്ത്തി ഭൂഗർഭ ജലത്തിന്റെ അളവു വർദ്ധിപ്പിക്കുന്നതിനായി മഴവെള്ള സംഭരണം, ഭൂജല പരിരക്ഷ, ആർട്ടിഫിഷ്യൽ റീ-ചാർജിംഗ് എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. ഇവയ്ക്കു പുറമേ മഴക്കുഴി നിർമ്മാണം, തടയണ നിർമ്മാണം, കുളങ്ങൾ, ചിറകൾ എന്നിവയുടെ പുനരുദ്ധാരണം, കോണ്ടൂർ ബണ്ടുകൾ, വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ എന്നീ പരിപാടികളും നടപ്പാക്കുന്നുണ്ട്.

(ബി) മഴവെള്ളം ശേഖരിക്കുന്നതിനും ഭൂമിയിൽ താഴ്ത്തി ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും വേണ്ടി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ബോധവത്കരണ പരിപാടികൾ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ നടത്തിവരുന്നു. പരിശീലനവും സാങ്കേതിക സഹായവും നല്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സർക്കാർ സ്ഥാപനങ്ങളിലും ചുറ്റുമുള്ള സർക്കാർ ഭൂമിയിലും മഴവെള്ള ശേഖരണവും റീ-ചാർജ്ജും നടത്തുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ. (എം എസ്.) 32/04/ഡബ്ല്യൂ.ആർ.ഡി. 27-5-2004-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം ഗവൺമെന്റ് കെട്ടിടങ്ങളിൽ ഉൾപ്പെടെ മഴവെള്ള ശേഖരണത്തിനും മഴവെള്ളം ഭൂമിയിൽ താഴ്ത്തുന്നതിനുമുള്ള ഒരു തീവ്രയത്ന പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. എ. സുജനപാൽ: സർ, സംസ്ഥാനത്ത് ഭൂഗർഭ ജലത്തെ സംബന്ധിച്ച കാര്യങ്ങൾ ഇത്രയുംകാലം കൈകാര്യം ചെയ്തിരുന്ന ഒരു വകുപ്പാണ് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓഫീസുകളും മറ്റ് സംവിധാനങ്ങളുമൊക്കെയുണ്ട്. പക്ഷേ അതേ സമയത്ത് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം വളരെ നിർജ്ജീവമാണ്. ആവശ്യമായ ഫണ്ടും നല്കിയിട്ടില്ല. ഭൂഗർഭ ജലത്തെ സംബന്ധിച്ചിടത്തോളം എല്ലാ പ്രവർത്തനങ്ങളും നടത്തുന്നത് ലാന്റ് യൂസ് ബോർഡാണ്. എന്തുകൊണ്ടാണ് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിനെ ശക്തിപ്പെടുത്തി അതിനു വേണ്ടിയിട്ടുള്ള സമഗ്രമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കാത്തത്? ആ നിർദ്ദേശം ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന് നിശ്ചയിച്ചിരിക്കുന്ന പ്രോഗ്രാംസ് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റും ലാന്റ് യൂസ് ബോർഡിന് നിശ്ചയിച്ചിരിക്കുന്ന പ്രോഗ്രാംസ് ലാന്റ് യൂസ് ബോർഡും നടത്തുന്നുണ്ട്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ പ്രസക്തി നിശ്ചയിച്ചിട്ടില്ല. അതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവ് ഡിപ്പാർട്ടുമെന്റിനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സുജനപാൽ: സർ, ഈ കാര്യത്തിൽ അനിവാര്യമായിട്ടുള്ളത് ബോധവത്കരണമാണ്. ഇപ്പോൾത്തന്നെ അതു സംബന്ധിച്ച് ബോധവത്കരണ പരിപാടി നടത്തുന്നത് ലാന്റ് യൂസ് ബോർഡാണ്. ഈയിടെ കാസർകോട് മുതൽ തിരുവനന്തപുരംവരെ നീണ്ട ഒരു യാത്ര ആ ബോർഡിന്റെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. അതിനൊന്നും കുഴപ്പമില്ല. ഇതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നോൺ-ഗവൺമെന്റൽ ഓർഗനൈസേഷനുമായി ഇവരെ ബന്ധപ്പെടുത്തിക്കൊണ്ട് ഒരു ബോധവത്കരണ പരിപാടി നടപ്പാക്കുന്നതിന് തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഇതിന് ആവശ്യമായിട്ടുള്ള നടപടി നമ്മൾ ഇപ്പോൾത്തന്നെ സ്വീകരിച്ചിട്ടുണ്ട്. പ്രത്യേകിച്ചും റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ്. മഴക്കുഴികളുടെ നിർമ്മാണം, ഭൂഗർഭജലം കൂടുതൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, ഇതെല്ലാം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് വേണ്ടി പല ഡിപ്പാർട്ടുമെന്റുകളുടേയും കോ-ഓർഡിനേഷനോടുകൂടി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ശ്രീ. കെ. ബാബു: സർ, ഭൂഗർഭ ജലത്തിന്റെ അളവ് ക്രമാതീതമായി താഴ്ന്നുപോകുന്നുവെന്ന് കഴിഞ്ഞയാഴ്ച പാർലമെന്റിൽ ബന്ധപ്പെട്ട മന്ത്രി ഉത്തരം നല്കുകയുണ്ടായി. ചില ജില്ലകളിൽ നാലും അഞ്ചും മീറ്റർ താഴ്ന്നുപോകുന്നു എന്നുള്ളതാണ് പ്രശ്നം. ഭൂഗർഭജലം വളരെയേറെ താഴ്ന്നുപോകുന്നതിനെ കുറിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; നമ്മൾ ഇവിടെ പാസ്സാക്കിയ നിയമം നടപ്പാക്കുന്ന കാര്യത്തിൽ എത്രത്തോളം ഗവൺമെന്റ് മുന്നോട്ട് പോയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, അദ്ദേഹം നാലു ചോദ്യം ചോദിച്ചു. ഭൂഗർഭ ജല വിതാനം താഴുന്നതിനെ സംബന്ധിച്ചും മറ്റു കാര്യങ്ങളെ സംബന്ധിച്ചുമാണ്. ഭൂഗർഭ ജലത്തിന്റെ അമിതമായിട്ടുള്ള ചൂഷണം തടയുന്നതിനും ഫലപ്രദമായി ജലം നമുക്ക് ഉപയോഗപ്പെടുത്തുന്നതിനും വേണ്ടിയാണ് നിയമം കൊണ്ടുവന്നിട്ടുള്ളത്. നിയമം പ്രാബല്യത്തിൽ വന്നുകഴിഞ്ഞിട്ടുണ്ട്. രണ്ടാമത് അദ്ദേഹം ഉന്നയിച്ച ഒരു വിഷയം ഇതിനെക്കുറിച്ചുള്ള പഠനം നടത്തിയിട്ടുണ്ടോ എന്നുള്ളതിനെ സംബന്ധിച്ചാണ്. ഹൈദ്രാബാദിൽ പ്രവർത്തിക്കുന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയുടെ സഹായത്തോടുകൂടി നമ്മൾ ഇതിനെസംബന്ധിച്ച് സാറ്റലൈറ്റ് മാപ്സ് എടുത്തിട്ടുണ്ട്. ആറ് മാപ്സ് ഇവിടെ അവെയിലബിളായിട്ടുണ്ട്. നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ച മുഴുവൻ സാറ്റലൈറ്റ്സ് മാപ്സ്-ഉം നമുക്കിവിടെ ലഭ്യമാകും. അങ്ങനെ വന്നുകഴിയുമ്പോൾ കേരളത്തിന്റെ ഏതെല്ലാം പ്രദേശങ്ങളിൽ കൂടുതൽ ഭൂജലമുണ്ട്, ഏതെല്ലാം പ്രദേശങ്ങളിൽ നമുക്ക് ജലത്തിന്റെ കുറവുണ്ട് എന്നു മനസ്സിലാക്കുവാൻ സാധിക്കും. ഇപ്പോൾ ലഭ്യമായിരിക്കുന്ന വിവരമനുസരിച്ച്, ഞാൻ ബ്ലോക്കടിസ്ഥാനത്തിലാണ് പറയുന്നത്, ഏറ്റവും കൂടുതൽ, ഓവറായിട്ട് ഭൂഗർഭജലം

എക്സ്പ്ലോയിറ്റ് ചെയ്തിരിക്കുന്നത് കാസർകോട്, ചിറയിൻകീഴ്, കൊടുങ്ങല്ലൂർ ഈ മൂന്ന് ബ്ലോക്കുകളാണ്. ക്രിട്ടിക്കൽ സ്റ്റേജിലുള്ളത് താമരശ്ശേരി, ബാലുശ്ശേരി പാറശ്ശാല, അതിയന്നൂർ, മുഖത്തല, അഞ്ചാലുമ്മൂട്. സെമി ക്രിട്ടിക്കൽ ആയിട്ടുള്ളത് കോഴിക്കോട്, മാള, പറവൂർ, പാമ്പാക്കുട, മുളന്തുരുത്തി, നേമം.

ശ്രീ. കെ. ബാബു: സർ, ഭൂഗർഭ ജലം താഴ്ന്നുപോകുന്നത് പരിഹരിക്കുന്നതിന് മഴക്കൊയ്ത്ത് ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുമെന്നാണ് പാർലമെന്റിൽ മറുപടി പറഞ്ഞതായി വായിച്ചത്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി മുഖ്യമന്ത്രിക്കെഴുതിയ കത്തിലും മഴവെള്ളം സംഭരിക്കുന്ന പദ്ധതിയെക്കുറിച്ച് ചൂണ്ടിക്കാണിച്ചതായി ഇന്ന് പത്രത്തിൽ വായിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിൽ നമ്മൾ എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? ഭൂഗർഭ ജലത്തിൽ ഫ്ളൂറൈഡ് കണ്ടെന്റ് വളരെ കൂടുതലുള്ളതായി പറയുന്നുണ്ട്. ഈ കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, നമ്മുടെ സംസ്ഥാനത്തെ ഭൂഗർഭ ജലത്തിലുള്ള അംശങ്ങൾ എന്തൊക്കെയാണ്; ഏതെല്ലാം കണ്ടെന്റ്സാണ് ഇതിലുള്ളത് ; ഇതൊക്കെ പരിശോധിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ ഉണ്ട്. നേരത്തേ തിരുവനന്തപുരത്തു മാത്രമാണ് ലാബുണ്ടായിരുന്നത്. ഇപ്പോൾ കോഴിക്കോട് ഉൾപ്പെടെ മൂന്നു ലാബുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് റെയിൻ വാട്ടർ ഹാർവെസ്റ്റിംഗിനായി പ്രത്യേക പദ്ധതികളൊന്നുംതന്നെ തയ്യാറാക്കുന്നില്ല. പക്ഷേ സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ വളരെ താല്പര്യമെടുക്കുകയും കെ.ആർ.ഡബ്ളിയു.എസ്.എ. എന്ന സ്ഥാപനത്തെ നോഡൽ ഏജൻസിയായി നിശ്ചയിച്ചുകൊണ്ട് റെയിൻ വാട്ടർ ഹാർവെസ്റ്റിംഗിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഹൈലവൽ എംപവേർഡ് കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്. ജില്ലാതലത്തിൽ കളക്ടർ ചെയർമാനായിട്ട് ഒരു ഡിസ്ട്രിക്ട് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നടപ്പുവർഷം മുന്നരക്കോടിയോളം രൂപ റെയിൻ വാട്ടർ ഹാർവെസ്റ്റിംഗിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നീക്കിവയ്ക്കുന്നുണ്ട്. ആവശ്യമാണെങ്കിൽ പത്തു കോടി രൂപ ഇതിനുവേണ്ടി മാറ്റി വയ്ക്കാനുള്ള സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് വിവിധതലത്തിൽ അറിയിച്ചിട്ടുമുണ്ട്.

പ്രൊഫ. എ. ഡി. മുസ്തഫ: സർ, ഓപ്പൺ വെല്ലും, കിണറും ഉള്ളവർ ഭൂഗർഭ ജലം എടുക്കുന്നത് ഭയത്തോടുകൂടിയാണ് കാണുന്നത്. ഇതിന്റെ വ്യക്തമായ ചിത്രം, എന്താണ് കാര്യമെന്ന് ബോധ്യപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഭൂഗർഭ ജലം വിനിയോഗം സംബന്ധിച്ച് നമ്മൾ കൊണ്ടുവന്നിരിക്കുന്ന നിയമമനുസരിച്ച് ഏതെങ്കിലും ഏരിയ ഗവൺമെന്റ് നോട്ടിഫൈ ചെയ്തെങ്കിൽ മാത്രമേ അവിടെ റെസ്ട്രിക്ഷന്റെ പ്രോബ്ലം വരുന്നുള്ളൂ. വീടുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

കിണർ കുഴിക്കുന്നതിനുള്ള നിയന്ത്രണമുണ്ടെന്ന തെറ്റായ ധാരണ ജനങ്ങളുടെയിടയിൽ ഉണ്ടായിരുന്നു. വീട്ടാവശ്യത്തിനുവേണ്ടി കുഴിക്കുന്ന കിണറിന് ഇത് ബാധകമല്ല. അതുപോലെ തന്നെ വിട്ടാവശ്യത്തിന് കുഴിക്കുന്ന കിണറ്റിൽ 1.5 ഹോഴ്സ് പവറുള്ള മോട്ടോർ വയ്ക്കുന്നതിനും നിയന്ത്രണമില്ല. അതുപോലെ വീട്ടാവശ്യത്തിനു വേണ്ടി കുഴിക്കുന്ന കുഴൽ കിണറിൽ മൂന്ന് ഹോഴ്സ് പവർ വരെയുള്ള മോട്ടോർ വച്ച് വെള്ളമെടുക്കുന്നതിനും യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. ഏതെങ്കിലും പ്രധാനപ്പെട്ട വാട്ടർ സോഴ്സിൽനിന്ന് പൊതു ആവശ്യത്തിനുവേണ്ടി വെള്ളം പമ്പു ചെയ്യുകയില്ല. അതിന്റെ 30 മീറ്ററിനുള്ളിൽ വെള്ളം പമ്പുചെയ്യാൻ പാടില്ല എന്നുണ്ട്. ഗാർഹികാവശ്യത്തിനുള്ള കിണറുകളെ ഈ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

പ്രൊഫ. എ. ഡി. മുസ്തഫ: സർ, ഭൂഗർഭ ജലത്തിന്റെ ക്വാണ്ടിറ്റി ടെസ്റ്റ് ചെയ്യാനുള്ള സംവിധാനമുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: സർ, നേരത്തെ ഞാൻ സൂചിപ്പിച്ചിരുന്നു. ഇതിനുള്ള സംവിധാനമുണ്ട്.

ശ്രീ. എം. മുരളി: സർ, ഭൂഗർഭ ജലം സംരക്ഷിക്കാൻ ദേശീയതലത്തിൽ ലോക ബാങ്കിന്റെ സഹായത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള ഏറ്റവും നല്ല പദ്ധതിയാണ് നാഷണൽ ഹൈഡ്രോളജി പ്രോജക്ട്. ഈ പ്രോജക്ട് എന്നാണ് ആരംഭിച്ചത്; എന്തെല്ലാം പദ്ധതികളാണ് ഈ പ്രോജക്ടിൽ നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റ് എറ്റെടുത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്; ലോക ബാങ്കിന്റെ എത്ര സാമ്പത്തിക സഹായം ഇതിനോടകം ഇതിന് ലഭിച്ചു; ഇനി ഏതെല്ലാം സ്കീമുകളാണ് ആവിഷ്ക്കരിക്കാനിരിക്കുന്നത്?

ശ്രീ. ടി. എം. ജേക്കബ്: സർ, നാഷണൽ ഹൈഡ്രോളജി പ്രോജക്ട് കേരളത്തിൽ ആരംഭിച്ചത് 1995-ലാണ്. ഇതിന്റെ ഒന്നാം ഘട്ട പ്രവർത്തനം 2003 ഡിസംബറിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ട 24.5 കോടി രൂപ ലോക ബാങ്കിൽ നമുക്ക് ലഭ്യമായിട്ടുണ്ട്. ഇതിന്റെ രണ്ടാംഘട്ടത്തിന്റെ പ്രവർത്തനം സെപ്റ്റംബർ മാസത്തിൽ ആരംഭിച്ച് 2006-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി 10.8 കോടി രൂപ ലഭിക്കും. അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. നാഷണൽ ഹൈഡ്രോളജി പ്രോജക്ടിൽ വളരെയേറെ കാര്യങ്ങൾ ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഒരു സംഗതി കേരളത്തിന്റെ എല്ലാഭാഗത്തുമായി 450 നിരീക്ഷണ കിണറുകൾ നിർമ്മിച്ച് അതിൽ ഓട്ടോമാറ്റിക് വാട്ടർ ലെവൽ ഇന്റിക്കേറ്റർ ഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ ഭൂജല വിതാനം ഓരോ ആറു മണിക്കൂർ കഴിയുമ്പോൾ കംപ്യൂട്ടർവഴി രേഖപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് ഡേറ്റാ സെന്ററിൽ സൂക്ഷിച്ച് Hydrological Information System രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ നിലവിലുള്ള ഗേജിംഗ് സംവിധാനം ശാസ്ത്രീയമായ രീതിയിൽ വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനു പുറമേ എട്ട് സ്ഥലങ്ങളിൽ നിന്നും ഫുൾ ക്ലൈമാറ്റിക് ഡേറ്റാ ശേഖരിച്ച് മഴവെള്ളത്തിന്റെ ഏറ്റക്കുറച്ചിൽ മനസ്സിലാക്കി ഇതിന്റെ സ്വാധീനം ഭൂഗർഭ ജലത്തെ എങ്ങനെ പരിപോഷിപ്പിക്കുന്നു എന്നു പഠനം നടത്തുന്നുമുണ്ട്. ഇതിനു പുറമേ എറണാകുളത്ത് രണ്ട് ലാബ് കൂടി സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂഗർഭ ജലത്തെ സംബന്ധിച്ചും ഭൂതലത്തിൽ കിട്ടുന്ന വെള്ളത്തെ സംബന്ധിച്ചുമുള്ള പഠനങ്ങൾ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ നമ്മൾ നടത്തിയിട്ടുണ്ട്.

ശ്രീ. എം. മുരളി: സർ, അങ്ങിവിടെ ഉത്തരം പറഞ്ഞപ്പോൾ റെയിൻ വാട്ടർ ഹാർവെസ്റ്റിംഗിനായിട്ട് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ടെക്നിക്കൽ കമ്മിറ്റികളും കളക്ടർമാർ ചെയർമാനായിട്ടുള്ള കമ്മിറ്റികളും രൂപീകരിച്ചു എന്നുപറഞ്ഞു. ഞങ്ങളുടെയൊക്കെ ജില്ലകളിൽ യോഗം വിളിച്ചു ചേർത്തിട്ടുണ്ട്. ഇതെല്ലാം ഒരു ഔദ്യോഗികമായിട്ടുള്ള ചട്ടക്കൂടിൽ തൂങ്ങിനിന്നുകൊണ്ടുമാത്രമേ നമുക്ക് മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയുന്നുള്ളൂ. മലയാള മനോരമ ഏതാനും ആഴ്ചകൾക്കു മുൻപ് ആവിഷ്ക്കരിച്ച 'പലതുള്ളി എന്റെ കേരളം' ഒരു വലിയ ബഹുജന പ്രസ്ഥാനമായിട്ട് മുന്നോട്ട് പോകുകയാണ്. ഇക്കഴിഞ്ഞ ശനിയും, ഞായറും എന്റെ നാട്ടിലായിരുന്നു ഇതിന്റെ പ്രദർശനം അവരുടെ സാങ്കേതികമായ വിശദീകരണവും വളരെ ആകർഷകമായിരുന്നു. ആബാലവൃദ്ധം ജനങ്ങളേയും അണിനിരത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും സ്കൂളുകളേയും കോളേജുകളേയും കോർത്തിണക്കിക്കൊണ്ടുള്ള ഒരു പരിപാടിയായിരുന്നു. ദുരഭിമാനം വെടിഞ്ഞുകൊണ്ട് റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് എന്ന പരിപാടി ഫയലുകളിലോ ഓഫീസുകളിലോ മാത്രം ഒതുക്കാതെ അത് ജനകീയ പ്രസ്ഥാനമാക്കാൻ മലയാള മനോരമയുടെ പലതുള്ളി എന്റെ കേരളം പരിപാടിയുമായി സംയോജിപ്പിച്ചുകൊണ്ട് മുന്നോട്ട് പോകുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, മലയാള മനോരമ ആവിഷ്ക്കരിച്ച പലതുള്ളി എന്റെ കേരളം പരിപാടിയോട് സഹകരിക്കുന്നതിന് ഒരു ദുരഭിമാനവും ഗവൺമെന്റ് കാണിച്ചിട്ടില്ല. ഏത് ഏജൻസിയാണെങ്കിലും ഏത് മാധ്യമമാണെങ്കിലും അതുപോലുള്ള നല്ല കാര്യങ്ങളുമായി മുന്നോട്ട് വരുമ്പോൾ അവരുമായി സഹകരിച്ച് പ്രവർത്തിക്കുക എന്നുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. നല്ല സർക്കുലേഷനുള്ള പത്രം എന്ന നിലയിൽ അവർ കാംപെയിൻ ഏറ്റെടുത്തപ്പോൾ ജനങ്ങൾ കൂടുതൽ അതിനോട് സഹകരിച്ചിട്ടുണ്ട്. ജനപ്രതിനിധികളും സഹകരിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ ഏജൻസികളും സഹകരിച്ചിട്ടുണ്ട്. മഴവെള്ളം

LIBRARY ARCHIVES Kerala Legislative Assembly

ശേഖരിക്കുന്ന പരിപാടിയുമായി ആരെങ്കിലും മുന്നോട്ട് വന്നാൽ അവരുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിലുള്ളവർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനുവേണ്ടിത്തന്നെയാണ് ഞാൻ ആദ്യം സൂചിപ്പിച്ചത്; ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു പദ്ധതിതന്നെ രൂപീകരിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ ഉത്തരവ് ഇറക്കിക്കഴിഞ്ഞു. മഴവെള്ളം പാഴായി പോകാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്ന ഏത് ഏജൻസിയുമായും സഹകരിച്ച് അവർക്കാവശ്യമായ പ്രോൽസാഹനം കൊടുക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്.

<u>ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ:</u> സർ, ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്ന പരിപാടികൾക്ക് ചില ഏജൻസിയെ നിയമിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെപ്പറഞ്ഞു. ഒരു മാസം മുൻപ് കാസർകോട്ടുനിന്ന് തിരുവനന്തപുരം വരെ ഒരു യാത്ര Land Use Board സംഘടിപ്പിച്ചു. അതിന് ആരെയൊക്കെ ചുമതലപ്പെടുത്തിയിട്ടുണ്ട്; അതു മാത്രമല്ല ഇപ്പോൾ കേട്ടു സിനിമ പിടിക്കുന്നു എന്ന്; അതിന്റെ ഡയറക്ടർ തന്നെ അതിൽ അഭിനയിക്കുന്നതായിട്ടും കേട്ടു. ഇതിനെല്ലാം ഗവൺമെന്റിന്റെ സാങ്ഷനുണ്ടോ; എന്താണ് നടക്കുന്നത് ഒന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. ടി. എം. ജേക്കബ്:</u> സർ, എനിക്ക് പറയാൻ കഴിയുന്നത് ഞാൻ കൈകാര്യം ചെയ്യുന്ന ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുള്ളതാണ്. ഡിപ്പാർട്ടുമെന്റിൽനിന്നും ഇതിന് പ്രത്യേകമായിട്ടുള്ള സാങ്ഷനൊന്നും കൊടുത്തിട്ടില്ല. ഞാൻ മനസ്സിലാക്കുന്നിടത്തോളം സംസ്ഥാനതലത്തിൽ നടന്ന പരിപാടിക്ക് ഗവൺമെന്റിൽനിന്ന് പത്തു ലക്ഷം രൂപയോളം ലഭ്യമായിട്ടുണ്ട് എന്നുള്ളതാണ്. കാംപെയിനായിട്ട് നടത്തിയതാണ്. ഇതിന് ജനങ്ങളുടേയും മറ്റു സംഘങ്ങളുടേയുമൊക്കെ സഹകരണവും കൂടി ഉണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> സർ, മഴ പെയ്യുന്നത് ഭൂമിയിലേക്ക് ഇറങ്ങാത്തതാണ് ഭൂഗർഭ ജലത്തിന്റെ അളവ് കുറയാനുള്ള പ്രധാനപ്പെട്ട കാരണം. നമ്മുടെ പല പ്രദേശങ്ങളും കോൺക്രീറ്റ് ചെയ്ത് ഒരു തുള്ളി വെള്ളം പോലും ഭൂമിയിലേക്ക് ഇറങ്ങാത്ത സ്ഥിതിവിശേഷമാണ് ഉള്ളത്. പല പ്രദേശങ്ങളിലും സ്റ്റേഡിയം വന്നാലും അതുപോലെ മറ്റ് പ്രധാനപ്പെട്ട എന്ത് സ്ഥാപനം വന്നാലും ഈ നില തുടരുകയാണ്. ഇങ്ങനെയുള്ള വലിയ പ്രസ്ഥാനങ്ങൾ വരുമ്പോഴും മഴയിൽനിന്നു കിട്ടുന്ന വെള്ളം ഭൂമിയിലേക്ക് ഇറങ്ങി പോകാനുള്ള രീതിയേ അവലംബിക്കാവൂ എന്ന നിഷ്ക്കർഷ വയ്ക്കുവാൻ ഗവൺമെന്റിന് കഴിയുമോ; അതിനെപ്പറ്റി ആലോചിക്കുമോ?

<u>ശ്രീ. ടി. എം. ജേക്കബ്:</u> സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെപ്പറഞ്ഞത് നല്ല ആശയമാണ്. പല വീടുകളുടേയും മുറ്റം കോൺക്രീറ്റ് ചെയ്യുന്നുണ്ട്. അതൊക്കെ നിരുൽസാഹപ്പെടുത്തേണ്ടതാണ്. നിയമപരമായി ഇത് ചെയ്യാൻ കഴിയുമോ എന്നു

LIBRARY ARCHIVES Kerala Legislative Assembly

ചോദിച്ചാൽ നമ്മുടെ നാട്ടിലുള്ള റെസിസ്റ്റൻസ് ഒരുഭാഗത്തുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം തമിഴ്നാട്ടിലുള്ള വീടുകളിലെല്ലാം റെയിൻ വാട്ടർ ഹാർവെസ്റ്റ് ചെയ്യാനുള്ള നടപടികൾ അവർ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ പ്രധാനപ്പെട്ട പട്ടണങ്ങളിലൊക്കെ കോൺക്രീറ്റ് ചെയ്ത തറയുണ്ടെങ്കിൽ കുത്തിപ്പൊട്ടിച്ച് വെള്ളം ഇറങ്ങാനുള്ള സൗകര്യം ചെയ്യണമെന്നും പറഞ്ഞിട്ടുണ്ട്. . നമ്മുടെ സംസ്ഥാനം ചെയ്തിരിക്കുന്നത് ഇനി നിർമ്മിക്കുന്ന വീടുകളിൽ മഴവെള്ളം ശേഖരിക്കാനുള്ള പ്രൊവിഷൻ കൂടി ഉൾക്കൊള്ളിക്കുന്ന വിധമാണ്. ഇതിന്റെ പ്ലാൻ തയ്യാറാക്കുമ്പോൾ ആവശ്യമായിട്ടുള്ള പ്രൊവിഷൻ കൂടി ഉണ്ടായിരിക്കണമെന്നും എങ്കിൽ മാത്രമേ ഇതിന് അനുമതി കൊടുക്കാവൂ എന്നും ബിൽഡിംഗ് നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായിട്ടുള്ള ഭേദഗതി വരുത്തിയിട്ടുണ്ട്. എല്ലാവരുംകൂടി സമ്മതിക്കുകയാണെങ്കിൽ നിലവിലുള്ള കെട്ടിടങ്ങൾക്കുംകൂടി ഈ *നിബന്ധന ഏർപ്പെടുത്തുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാം. തർക്കത്തിലേക്കു പോയാൽ നമ്മുടെ നാട്ടിലുണ്ടാകുന്ന വിഷയങ്ങൾ വേറെയാണ്. തമിഴ്നാട്ടിലെ അഡ്മിനിസ്ട്രേഷനും നമ്മുടെ അഡ്മിനിസ്ട്രേഷനും തമ്മിൽ വളരെ വലിയ വ്യത്യാസമുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : സർ, ഭൂഗർഭ ജലത്തിന്റെ അളവ് വലിയ തോതിൽ കുറഞ്ഞിട്ടുണ്ട് എന്ന് പല പഠനങ്ങളിലും തെളിഞ്ഞതായി ഇവിടെ സൂചിപ്പിച്ചു. പല ബ്ലോക്കുകളുടെയും പേരുകൾ പ്രത്യേകിച്ച് പറയുകയും ചെയ്തു. കേരളത്തിൽ ഏറ്റവും ഗൗരവമായി ചർച്ച ചെയ്ത വിഷയമാണ് പ്ളാച്ചിമട കൊക്കകോള കമ്പനി ഭൂഗർഭ ജലം ഊറ്റിയെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയം. അങ്ങയുടെ വകുപ്പിന്റെ കീഴിലുള്ള ഭൂഗർഭജല ഡിപ്പാർട്ടുമെന്റിന്റെ പരിശോധനയിലും പരിസരത്തെ ചുറ്റളവിലുള്ള എല്ലാ കിണറുകളിലും വെള്ളം വറ്റിപ്പോയി എന്ന് കണക്കുകൾ സഹിതം തെളിഞ്ഞിട്ടുണ്ട്. നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ അന്വേഷണത്തിൽ നമുക്കെല്ലാം നേരിട്ട് അത് ബോദ്ധ്യപ്പെട്ടതാണ്. ഈ സാഹചര്യത്തിൽ ഭൂഗർഭ ജലം അധികമായി ചൂഷണം ചെയ്യുന്ന കൊക്കകോള കമ്പനിക്ക് എതിരെ, ഭൂഗർഭജലം അധികമായി ചൂഷണം ചെയ്യുന്നത് തുടർന്നു പോകാൻ അനുവദിക്കാത്ത തരത്തിലുള്ള നടപടി സ്വീകരിക്കുമോ; ഭൂഗർഭജല ഡിപ്പാർട്ടുമെന്റ് അതിന് ഉത്തരവ് കൊടുക്കുമോ?

<u>ശ്രീ. ടി. എം. ജേക്കബ്</u>: സർ, ബഹുമാനപ്പെട്ട രാജേന്ദ്രൻ പറഞ്ഞ എല്ലാ കാര്യങ്ങളും പൂർണ്ണമായും ശരിയല്ല. 3-ാം നമ്പർ സബ്ജക്ട് കമ്മിറ്റി ആ ഫാക്ടറി സന്ദർശിച്ചിരുന്നു. അവിടെപ്പോയി തെളിവെടുത്ത് കാര്യങ്ങൾ മനസിലാക്കിയതാണ്. ആ ഫാക്ടറിക്കകത്ത് ആറ് കുഴൽ കിണറുകളും രണ്ട് ഓപ്പൺ വെൽസും ഉണ്ട്. അവർ ഒരു ദിവസം അഞ്ച് ലക്ഷം ലിറ്റർ വെള്ളം അതിൽ നിന്ന് പമ്പ് ചെയ്യുന്നുണ്ട് എന്നാണ് കണക്കാക്കിയിരിക്കുന്നത്. അവരുടെ യഥാർത്ഥത്തിലുള്ള കൺസംപ്ഷനായിട്ട് റിപ്പോർട്ട് ചെയ്തത് ഒരു ദിവസം 1.5 ലക്ഷം ലിറ്റർ വെള്ളമാണ്. അതേക്കുറിച്ച് പഠനം നടത്താനുള്ള തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ ഈ കിണറുകളെ സംബന്ധിച്ചും പഠനം നടത്തി. അതുപോലെ തന്നെ സമീപത്തുള്ള കുറെയേറെ കിണറുകളെ സംബന്ധിച്ചും പഠനം നടത്തിയിട്ടുണ്ട്. അതിൽ ചില കിണറുകളിലെ

LIBRARY ARCHIVES Kerala Legislative Assembly

വെള്ളം താഴുന്നതായും ചില കിണറുകളിലെ ജലവിതാനം ഉയർന്നതായിട്ടും കാണിച്ചിട്ടുണ്ട്. അതിന്റെ ശാസ്ത്രീയമായിട്ടുള്ള റിപ്പോർട്ട് നമുക്ക് ലഭ്യമായിട്ടുണ്ട്. പാലക്കാട് ജില്ലയെ സംബന്ധിച്ചിടത്തോളം പാലക്കാട് ജില്ലയിൽ പൊതുവെ ഭൂഗർഭ ജലത്തിന്റെ വിതാനത്തിൽ വേരിയേഷനുണ്ട് പല പ്രദേശങ്ങളിലും. അതെല്ലാം കൂടി കണക്കിലെടുത്ത് ഒരു തീരുമാനം നമുക്ക് എടുക്കാം. ഇപ്പോൾ ആ ഫാക്ടറി പ്രവർത്തിക്കുന്നില്ല. ഇതിന്റെ മുന്നോട്ടുള്ള പോക്കിൽ എന്തൊക്കെ വേണം എന്നുള്ളത് ആലോചിക്കാം. ഇതിനേക്കാൾ കൂടുതൽ വെള്ളം കൺസ്യൂം ചെയ്യുന്ന ഫാക്ടറികൾ പാലക്കാട് തന്നെ പ്രവർത്തിക്കുന്നുണ്ട് എന്ന് ബഹുമാനപ്പെട്ട അംഗത്തിന് അറിയാമെന്നാണ് എനിക്ക് തോന്നുന്നത്. പല ഫാക്ടറികളിലും പുതിയ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ആ നിയമം അനുസരിച്ചു തന്നെ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ നമുക്ക് സാധിക്കും. ആ നിയമം കൂടി ഇൻവോക് ചെയ്തുകൊണ്ട് ബാക്കി എന്തുചെയ്യാൻ കഴിയും എന്നതിനേക്കുറിച്ച് നമുക്ക് ആലോചിക്കാം.

ശ്രീ. സി. മമ്മൂട്ടി : സർ, കഴിഞ്ഞ വരൾച്ചയെ തുടർന്ന് ജനങ്ങളിൽ വെള്ളം സംഭരണത്തിനുവേണ്ട വലിയൊരു അവബോധമുണ്ടാക്കാൻ ഗവൺമെന്റിനും അതുപോലെ തന്നെ മീഡിയകൾക്കും പ്രത്യേകിച്ചും മലയാള മനോരമയ്ക്ക് ഒരുപാട് സാധിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2,500 അടി ഉയരത്തിൽ കിടക്കുന്ന വയനാട് ജില്ലപോലെയുള്ള പ്രദേശത്തൊക്കെ മഴവെള്ളം സംഭരണത്തോടുകൂടി ഭാവിയിൽ ഉരുൾപൊട്ടൽ ഉണ്ടാകുമോ എന്ന് ഭയപ്പെടുന്നുണ്ട്. കാരണം അവിടുത്തെ പ്രകൃതിദത്തമായ മണ്ണ് ജലാംശം വലിച്ചെടുക്കാത്ത പശിമയുള്ള മണ്ണാണ്. അത് ഉപയോഗിച്ച് പല ഡാമുകളും നിർമ്മിച്ചിട്ടുണ്ട്. ഈ അവസ്ഥയിൽ അവിടെ വെള്ളം വലിച്ചെടുക്കാൻ കഴിയാത്ത മണ്ണായതുകൊണ്ട് ജലസംഭരണികൾ വ്യാപകമായി വരുന്നതോടുകൂടി വെള്ളം കെട്ടി നിൽക്കുമ്പോൾ ഭാവിയിൽ ഉരുൾപൊട്ടൽ ഉണ്ടാകുമോ; 2,500 അടി ഉയരത്തിൽ കിടക്കുന്ന ജില്ലയിലെ ജനങ്ങൾ ആശങ്കയിലാണ്. ഇതു സംബന്ധിച്ച് വല്ല പഠനവും നടത്തിയിട്ടുണ്ടോ? ജനങ്ങളുടെ ആശങ്ക നീക്കാനുള്ള വല്ല നടപടിയും ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഏത് ഡാം നിർമ്മിക്കുമ്പോഴും അതിന്റെ പരിസ്ഥിതി പ്രശ്നങ്ങൾ, പോരായ്മകൾ എന്തെങ്കിലും ഉണ്ടാകുമോ അതോ അത് ഗുണകരമാണോ ഈ പഠനങ്ങളെല്ലാം നടത്തിയ ശേഷമാണ് ഒരു ഡാം നിർമ്മിക്കാൻ ആരംഭിക്കുക. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഒരവസ്ഥ വയനാടൻ പ്രദേശത്തുള്ളതായി എന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. ആവശ്യമായ പ്രിക്കോഷൻസ് എപ്പോഴും എടുക്കാറുണ്ട്. അങ്ങനെയാണ് ഉദ്യോഗസ്ഥർക്ക് നമ്മൾ നിർദ്ദേശം നൽകിയിട്ടുള്ളത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly